# കേരള സർവകലാശാല

നം. പി.ആർ.023/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അപേക്ഷ തീയതി നീട്ടി.

കേരള സർവകലാശാല 2016 ഡിസംബർ 29-ന് നടത്തിയ ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയുടെ പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 28 വരെ നീട്ടി.

### ബി.എ.എൽ.എൽ.ബി പുതുക്കിയ തീയതികൾ

കേരള സർവകലാശാല ഫെബ്രുവരി 13-ന് നടത്താനിരുന്ന ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം), അഞ്ചാം സെമസ്റ്റർ (ത്രിവൽസരം), ഒമ്പതാം സെമസ്റ്റർ (പഞ്ചവത്സരം) - 2011-12 മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ബി.എ.എൽ.എൽ.ബി പരീക്ഷകൾ ഫെബ്രുവരി 27ാം തീയതിയിലേക്ക് മാറ്റി. ഫെബ്രുവരി 27ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ (പഞ്ചവത്സരം) ബി.എ, ബി.കോം, ബി.ബി.എ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷകൾ മാർച്ച് ആറിലേക്ക് മാറ്റി. പരീക്ഷാ ഫീസ് അടക്കേണ്ട പുതുക്കിയ തീയതികൾ. ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പിഴകൂടാതെ ഫെബ്രുവരി ഒമ്പത് (50 രൂപ പിഴയോടെ ഫെബ്രുവരി 13, 250 രൂപ പിഴയോടെ ഫെബ്രുവരി 15). ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പിഴകൂടാതെ ഫെബ്രുവരി 13 (50 രൂപ പിഴയോടെ ഫെബ്രുവരി 15, 250 രൂപ പിഴയോടെ ഫെബ്രുവരി 17) വരെ അപേക്ഷിക്കാം.

### ബി.ബി.എ പുനപരിശോധന

കേരള സർവകലാശാല 2016 ഡിസംബർ 15 ാം തിയതി പ്രസിദ്ധീകരിച്ച മൂന്നാം സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) യുടെ പുനപരിശോധനയ്ക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

### ഗവേഷണ പ്രബന്ധങ്ങളുടെ കരട് സ്റ്റൈൽ ഷീറ്റ്

കേരള സർവകലാശാല മലയാള വിഭാഗം, ഗവേഷണ പ്രബന്ധങ്ങളുടെ കരട് സ്റ്റൈൽ ഷീറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവകലാശാലയുടെ റിസർച്ച് പോർട്ടലിൽ ഇത് ലഭ്യമാണ് ഇതു സംബന്ധമായ പരിഷ്കരണനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഫെബ്രുവരി 15-നകം നിർദ്ദേശങ്ങൾ malkvtm@gmail.com എന്ന ഇ-മെയിലിൽ അയച്ചുതരണമെന്നു താല്പര്യപ്പെടുന്നു.

തിരുവനന്തപുരം.
31.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in